"ഭരണഭാഷ - മാതൃഭാഷ"

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള

വെബ് സൈറ്റ് : www.kseb.in. CIN :U40100KL2011SGC027424

നം. സി.ഇ (ആർ.ഇ.ഇ.എസ്)/പ്രോജക്ട്സ്/എ.ഇ.ഇ.6/സോളാർ--ജനറൽ/ 16-17/7661/9.9.2016

# പരിപത്രം

1 kWp മുതൽ 1 MWp വരെ ശേഷിയുള്ള സൗരവൈദ്യുതി ഉല്പാദന സംവിധാനം വിതരണ ശൃംഖലയുമായി ഘടിപ്പിക്കുന്നതിനുള്ള അപേക്ഷയിന്മേൽ കെ.എസ്.ഇ.ബി.എൽ ഓഫീസുകൾ എടുക്കേണ്ട നടപടികൾ - രണ്ടാം പതിപ്പ്

---

സൂചന:- (1) കെ.എസ്.ഇ.ആർ.സി.യുടെ 10.06.2014ലെ 2096/കെ.എസ്.ഇ. ആർ.സി/ 2014 (ഗ്രിഡ് ഇന്ററാക്ടീവ് ഡിസ്ട്രിബ്യൂട്ടഡ് സോളാർ എനർജി സിസ്റ്റം) റഗുലേഷൻസ് 2014.

(2) 20.02 .2015ലെ ബി.ഒ. (എഫ്.ടി.ഡി) നം.423/2015 [ഡി(ആർ.ഇ&.പി)/ ആർ.ഇ/സോളാർ- ജനറൽ/കെ.എസ്. ഇ ആർ.സി/2014-15]

(3). കെ.എസ്.ഇ.ആർ.സി.യുടെ 10.06.2014ലെ 13-ാം റഗുലേഷൻസ് പുതുക്കിയ ഉത്തരവ്(ഓർഡർ 521/CT/2015/1.1.16).

(4) ഇലക്ട്രിസിറ്റി ആക്ട് 2003 ലെ സെക്ഷൻ 23-മായി ബന്ധപ്പെട്ട നിർദ്ദേശങ്ങളടങ്ങിയ കെ.എസ്.സി.ആർ.സി.യുടെ 21.01.2016 ലെ ഉത്തരവ്.

(5). കെ.എസ്.ഇ.ആർ.സി.യുടെ 15.03.2016 ലെ 2521/ADL/KSERC/ 2015 (ഗ്രിഡ് ഇന്ററാക്ടീവ് ഡിസ്ട്രിബ്യൂട്ടഡ് സോളാർ എനർജി സിസ്റ്റം) അമന്റ്മെന്റ് റഗുലേഷൻസ് 2016.

1. 1 kWp മുതൽ 1 MWp വരെ ശേഷിയുള്ള സൗരവൈദ്യുതി ഉല്പാദന സംവിധാനം കെ.എസ്.ഇ.ബി.എൽ-ന്റെ വൈദ്യുതി വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള അപേക്ഷ അതാത് പ്രദേശത്തെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലാണ് സ്വീകരിക്കേണ്ടത്. കെ.എസ്.ഇ.ബി.എൽ-ന്റെ നിലവിലുള്ള ഉപഭോക്താക്കൾക്ക് മാത്രമേ ഇതിനുവേണ്ടിയുള്ള അപേക്ഷ നൽകുവാൻ സാധിക്കുകയുള്ളൂ.

2. **അനുബന്ധം-1** ലെ മാതൃകയിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയ അപേക്ഷയാണ് വാങ്ങേണ്ടത്. അപേക്ഷാഫീസായി ആയിരം (1000) രൂപ പണമായോ, അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലെടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് ആയോ വാങ്ങണം. ആ തുക, **61 .940** എന്ന അക്കൗണ്ട് ഹെഡ്ഡിലാണ് വരവു വയ്ക്കേണ്ടത്. ഈ അപേക്ഷാഫീസ് ഉപഭോക്താവിന് തിരികെ നൽകേണ്ടതില്ല.

ഉപഭോക്താവ് ഉൽപ്പാദിപ്പിച്ച സൗരോർജ്ജം സ്വന്തം പേരിൽ കെ.എസ്.ഇ.ബി.എൽ ന്റെ വൈദ്യുതി കണക്ഷനുള്ള മറ്റു സ്ഥലങ്ങളിൽ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും കൂടി അപേക്ഷയിൽ പ്രതിപാദിക്കേണ്ടതാണ്. നിലവിലുള്ള

റഗുലേഷൻ അനുസരിച്ച് പ്രതിമാസം 500 യൂണിറ്റിലധികം വൈദ്യുതി ഗ്രിഡിലേയ്ക്ക് കടത്തിവിടാൻ കഴിവുള്ള പ്ലാന്റുകൾക്ക് മാത്രമേ ഇത്തരത്തിൽ അധിക വൈദ്യുതി മറ്റിടങ്ങളിലേയ്ക്ക് നൽകുവാൻ സാധിക്കുകയുള്ളൂ.

3. ആദ്യ പരിശോധനയിൽ സ്വീകരിക്കാവുന്ന അപേക്ഷകൾ അവ ലഭിക്കുന്ന മുറയ്ക്ക് പ്രത്യേക രജിസ്റ്ററിൽ ചേർക്കണം (മാതൃക **അനുബന്ധം-4** ൽ കൊടുത്തിട്ടുണ്ട്). അപേക്ഷയോടൊപ്പം ഉള്ള കൈപ്പറ്റുരസീത് പൂരിപ്പിച്ച് സീൽ പതിച്ച് ഒപ്പിട്ട് അപേക്ഷകന് അപ്പോൾത്തന്നെ നൽകണം.

4. തുടർന്ന് നിലയം വിതരണശൃംഖലയിൽ ഘടിപ്പിക്കാൻ കഴിയുമോ എന്നു പരിശോധിച്ച് ഉപഭോക്താവിന് വൈദ്യുതി ഗ്രിഡിലേയ്ക്ക് ഘടിപ്പിക്കാൻ കഴിയുന്ന പ്ലാന്റിന്റെ ശേഷി അപേക്ഷ ലഭിച്ച് 15 ദിവസത്തിനുള്ളിൽ സാധ്യതാപത്രം (ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്) വഴി അപേക്ഷകനെ അറിയിക്കണം (മാതൃക **അനുബന്ധം-5** ൽ കൊടുത്തിട്ടുണ്ട്). അങ്ങനെ നൽകുന്ന സാധ്യതാപത്രത്തിന് ഒരു മാസത്തെ പ്രാബല്യമുണ്ട്. **അനുബന്ധം-6** ൽ നൽകിയിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി വേണം സാധ്യതാ പത്രം നൽകേണ്ടത്.

സാധ്യതാപത്രത്തിനൊപ്പം അപേക്ഷകനെ അറിയിക്കേണ്ട വിവരങ്ങൾ :

- ഉപഭോക്താവിന് സ്ഥാപിക്കാൻ കഴിയുന്ന സൗരോർജ്ജ നിലയത്തിന്റെ ശേഷി
- സൗരോർജ്ജ നിലയം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ സമർപ്പിക്കണമെന്നും അറിയിക്കണം.

    1. ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സ്കീം അപ്രൂവൽ
    2. സ്ഥാപിക്കേണ്ട നിലയത്തിന്റെ പൂർണ്ണ സാങ്കേതിക ചിത്രങ്ങളും (Single line schematic diagram) വിവരങ്ങളും,
    3. ഗ്രിഡ് ബന്ധിത ഇൻവർട്ടർ, കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന ഐസൊലേറ്റർ സ്വിച്ച്, സോളാർ മീറ്റർ, നെറ്റ് മീറ്റർ എന്നിവയുടെ Technical Specification ഉം മറ്റു വിവരങ്ങളും
    4. എം.സി.ബി, ഇ.എൽ.സി.ബി, ഫ്യൂസ്, ഇൻവർട്ടർ തുടങ്ങിയ ഇലക്ട്രിക്കൽ ഉപകരണങ്ങൾക്ക്, നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ (NABL) ൽ നിന്നോ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ ടെസ്റ്റിംഗും കാലിബ്രേഷനും നടത്താൻ അംഗീകാരമുള്ള അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിന്നോ നൽകിയ ടൈപ്പ്ടെസ്റ്റ് സർട്ടിഫിക്കറ്റ്

       [സൂചന (5) ന്റെ Clause 2(iii)(6) ]

5. സൗരവൈദ്യുത സാധ്യതാപത്രം നൽകുന്നതിന് ഒരു ഫീഡറിൽ ഘടിപ്പിക്കാവുന്ന പ്ലാന്റുകളുടെ മൊത്തം ശേഷി സംബന്ധിച്ച വിവരങ്ങൾ ചുവടെ നൽകുന്നു.

**5.1) ഉപഭോക്താവിനു നൽകിയിരിക്കുന്ന സപ്ലൈ വോൾട്ടത അനുസരിച്ച് സ്ഥാപിക്കാവുന്ന നിലയങ്ങളുടെ പരമാവധി ശേഷി :**

| വോൾട്ടത | ശേഷി (കിലോവാട്ട് പീക്കിൽ) |
|---|---|
| 240വോൾട്ട് സിംഗിൾ ഫേസ് | 1മുതൽ 5വരെ |
| 415വോൾട്ട് ത്രീ ഫേസ് | പരമാവധി 100വരെ |
| 11കിലോ വോൾട്ട് | പരമാവധി 1000വരെ |

**5.2. എൽ.റ്റി .ഫീഡറിൽ ഘടിപ്പിക്കാവുന്ന സൗരോർജ്ജ പ്ലാന്റിന്റെ പരമാവധി ശേഷി**

5.2.1 സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാനുദ്ദേശിക്കുന്ന എൽ.റ്റി ഫീഡർ ഉൾപ്പെട്ട ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റിയുടെ 15% വരെയുള്ള സൗരോർജ്ജ പ്ലാന്റുകൾ മറ്റ് പരിശോധനകൾ ഒന്നും കൂടാതെ തന്നെ ആ ട്രാൻസ്ഫോർമറിന്റെ കീഴിലുള്ള ഫീഡറുകളിൽ ഘടിപ്പിക്കാവുന്നതാണ്. [സൂചന (5) ന്റെ Clause 2(i) 2(a) ] (അപ്രകാരം ഫീസിബിലിറ്റി നൽകുമ്പോൾ നേരത്തേ നൽകിയ അനുവാദം കൂടി കണക്കിലെടുക്കണം)

5.2.2 ആകെയുള്ള സൗരോർജ്ജ പ്ലാന്റുകളുടെ ശേഷി ട്രാൻസ്ഫോർമറിന്റെ ശേഷിയുടെ 15% ൽ അധികമായാൽ അപേക്ഷ തീയതി കഴിഞ്ഞുള്ള ആദ്യത്തെ ഏഴ് ദിവസങ്ങളിൽ എല്ലാ ദിവസവും പകൽ 8മണിയ്ക്കും വൈകുന്നേരം 4മണിയ്ക്കും ഇടയിൽ പ്ലാന്റ് ഘടിപ്പിക്കേണ്ട ഫീഡറിൽ ഉണ്ടായിട്ടുള്ള ശരാശരി ലോഡ് രേഖപ്പെടുത്തുക .ഇങ്ങനെ ലഭ്യമായ 7ദിവസങ്ങളിലെ ശരാശരി ലോഡിന്റെ ശരാശരി കണ്ടുപിടിയ്ക്കുക .ആ ശരാശരി ലോഡ് ആണ് ആ ഫീഡറിൽ ഘടിപ്പിയ്ക്കാവുന്ന മൊത്തം സൗരോർജ്ജ പ്ലാന്റ് ശേഷി. [സൂചന (5) ന്റെ Clause 2(i)2(b)]

5.2.3 സൗരോർജ്ജ പ്ലാന്റ് ഘടിപ്പിക്കേണ്ട ട്രാൻസ്ഫോർമറിന്റെ ലോഡ് അപേക്ഷാ തീയതിയ്ക്ക് 6 മാസത്തിനുള്ളിൽ കണക്കാക്കുകയും (5.2.2 പ്രകാരം) പ്രസ്തുത ട്രാൻസ്ഫോർമറിന്റെ ലോഡിന് അധികം വ്യത്യാസമൊന്നും ഈ 6 മാസത്തിനുള്ളിൽ വന്നിട്ടില്ലായെന്ന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ബോധ്യവുമുണ്ടെങ്കിൽ നേരത്തെ കണക്കാക്കിയ ലോഡ് തന്നെ പുതിയ സൗരോർജ്ജ പ്ലാന്റിന്റെ ശേഷി കണക്കാക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്. [സൂചന (5) ന്റെ Clause 2(i)2(b)]

**5.3) .11കെ.വി ഫീഡറിൽ ഘടിപ്പിയ്ക്കാവുന്ന സൗരോർജ്ജ പ്ലാന്റിന്റെ പരമാവധി ശേഷി.**

സബ്സ്റ്റേഷൻ റെക്കാർഡുകളിൽ നിന്ന് പ്രസ്തുത ഫീഡറിൽ അപേക്ഷ തീയതിയ്ക്ക് പിന്നോട്ടുള്ള 365ദിവസം പകൽ 8മണിയ്ക്കും വൈകുന്നേരം 4 മണിയ്ക്കുമിടയിൽ രേഖപ്പെടുത്തിയ ശരാശരി ലോഡിന്റെ 80% വരെ ആ ഫീഡറിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്. എന്നാൽ സൗരോർജ്ജ പ്ലാന്റ് ഒരു പുതിയ ഫീഡറിലാണ് ബന്ധിപ്പിക്കുന്നതെങ്കിൽ ശരാശരി ലോഡ് കണക്കാക്കുവാനായി ആ ഫീഡർ സ്ഥാപിച്ചതിനുശേഷമുള്ള ആകെ ദിവസങ്ങളിലെ പകൽ 8മണിയ്ക്കും വൈകുന്നേരം 4 മണിയ്ക്കുമിടയിലുള്ള ലോഡ് കണക്കാക്കിയാൽ മതിയാകും. [സൂചന (5) ന്റെ Clause 2(ii)(2)]

6. സാധ്യതാപത്രത്തീയതി മുതൽ ഒരു മാസത്തിനുള്ളിൽ സൗരോർജ്ജനിലയം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സാധ്യതാ പത്രത്തിൽ നിർദേശിച്ചിട്ടുള്ള രേഖകളടക്കം അതത് സെക്ഷൻ ഓഫീസിൽ നൽകേണ്ടതാണ്. രജിസ്ട്രേഷൻ അപേക്ഷയോടൊപ്പമുള്ള കൈപ്പറ്റുരസീത് പൂരിപ്പിച്ചത്, അപേക്ഷകനുള്ള നിർദ്ദേശങ്ങൾ, ടെസ്റ്റിനുള്ള അപേക്ഷയുടെ മാതൃക (**അനുബന്ധം-3**) എന്നിവ അപേക്ഷകനു നൽകണം.

ഈ അപേക്ഷ, 3 പ്രവൃത്തി ദിവസത്തിനുള്ളിൽ പരിശോധിച്ച് അതിനടുത്ത പ്രവൃത്തി ദിവസം രജിസ്ട്രേഷൻ ഫീസ് എത്രയെന്നും അപേക്ഷയിൽ എന്തെങ്കിലും

കുറവുകളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശവും ഉൾപ്പെടെ ഉപഭോക്താവിനെ അറിയിക്കേണ്ടതാണ്. [സൂചന (5) ന്റെ Clause 2(iii)(8)]

7. തുടർന്ന് അപേക്ഷയിൽ കണ്ടെത്തിയ കുറവുകൾ പരിഹരിച്ച് സോളാർ പ്ലാന്റിന്റെ ശേഷിക്കനുസരിച്ചുള്ള രജിസ്ട്രേഷൻ ഫീസ് അടച്ച് അതത് സെക്ഷൻ ഓഫീസിൽ സോളാർ പ്ലാന്റ് രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ അപേക്ഷയുടെ മാതൃക **അനുബന്ധം-2** ൽ നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള "സ്കീം അപ്രൂവലും" ഇതിനൊപ്പം സമർപ്പി ക്കേണ്ടതാണ്. ഒരു കിലോവാട്ട് ശേഷിക്ക് 1000 രൂപ നിരക്കിലാണ് ഫീസ് വാങ്ങേണ്ടത്. ഭിന്നസംഖ്യകൾ തൊട്ടുമുകളിലുള്ള പൂർണ്ണ സംഖ്യയായി കണക്കാക്കപ്പെടും (ഉദാഹരണത്തിന്, 3.25 കിലോവാട്ട് എന്നത് 4 കിലോവാട്ട് ആയി പരിഗണിക്കണം). രജിസ്ട്രേഷൻ ഫീസ് **61.940** എന്ന അക്കൗണ്ട് ഹെഡ്ഡിലാണ് വരവു വയ്ക്കേണ്ടത്. സ്വീകരിച്ച രജിസ്ട്രേഷൻ അപേക്ഷകൾ, മുൻഗണനാ ക്രമത്തിൽ അതത് സെക്ഷൻ ഓഫീസിലെ രജിസ്റ്ററിൽ ചേർത്ത് ഒരു **'സോളാർ പ്ലാന്റ് ഐഡന്റിഫിക്കേഷൻ നമ്പർ '(SPIN)** നൽകണം (രജിസ്റ്ററിന്റെ മാതൃക **അനുബന്ധം-7** ൽ നൽകിയിട്ടുണ്ട്). സെക്ഷൻ ഓഫീസ് കോഡിനു പിന്നിൽ അഞ്ചക്ക തുടർ നമ്പറാണ് സ്പിൻ നമ്പർ. (*ഉദാഹരണത്തിന് ആലപ്പുഴ (നോർത്ത്) സെക്ഷൻ ഓഫീസ് കോഡ്* 5501 *ആണ്. അതുകൊണ്ട് അവിടെ ആദ്യം രജിസ്റ്റർ ചെയ്യുന്ന സോളാർ പ്ലാന്റിന്റെ സ്പിൻ നമ്പർ* 5501-00001 *എന്ന് ആയിരിക്കും. അതുപോലെ കാസർഗോഡ് വൊർക്കാഡി സെക്ഷനിൽ* 6685-00001 *എന്നും, തിരുവനന്തപുരം വിഴിഞ്ഞം സെക്ഷനിലേത്* 4546-00001 *എന്നും ആയിരിക്കും*).
[സൂചന (5) ന്റെ Clause 2(iii) (9)(a)]

രജിസ്റ്റർ ചെയ്ത് ആറു മാസത്തിനുള്ളിൽ അപേക്ഷകൻ സൗരോർജ്ജനിലയം സ്ഥാപിക്കണം. ലൈസൻസിയ്ക്ക് ഉചിതമാണെന്ന് ബോധ്യപ്പെടുകയാണെങ്കിൽ അപേക്ഷകന്റെ ആവശ്യപ്രകാരം പരമാവധി ആറുമാസംകൂടി രജിസ്ട്രേഷൻ കാലാവധി അതത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ദീർഘിപ്പിക്കാവുന്നതാണ്. [സൂചന (5) ന്റെ Clause 2(iii) (9) (c)]

എന്നാൽ തന്റേതല്ലാത്ത കാരണത്താൽ നിശ്ചിത സമയത്തിനുള്ളിൽ സൗരോർജ്ജ നിലയം സ്ഥാപിക്കാൻ കഴിയില്ല എന്ന വിവരമടങ്ങിയ അപേക്ഷ രജിസ്ട്രേഷൻ കാലാവധി തീരുന്നതിനു മുമ്പുതന്നെ ഉപഭോക്താവിൽ നിന്ന് ലഭിക്കുകയും അതത് അസിസ്റ്റന്റ് എഞ്ചിനിയർക്ക് ഈ വസ്തുത അന്വേഷിച്ച് ബോധ്യപ്പെടുകയും ചെയ്താൽ പ്രസ്തുത ഉപഭോക്താവിനെ അപേക്ഷ പിൻവലിക്കാൻ അനുവദിക്കണം. കൂടാതെ 80% രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുകയും ചെയ്യണം. ഇപ്രകാരം തീരുമാനം എടുക്കേണ്ടത് അതത് അസിസ്റ്റന്റ് എഞ്ചിനിയറുടെ ശുപാർശപ്രകാരം ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർമാരാണ്. [സൂചന (5) ന്റെ Clause 2(iii) (9) (g)]

നിശ്ചിതസമയത്തിനുള്ളിൽ ഉചിതമായ കാരണം കൂടാതെ അപേക്ഷ പിൻവലിക്കുകയോ സൗരോർജ്ജനിലയം സ്ഥാപിക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ ഉപഭോക്താവിന്റെ രജിസ്ട്രേഷൻ ഫീസ് മടക്കി നൽകുന്നതല്ല.

രജിസ്റ്റർ ചെയ്ത് നിശ്ചിത കാലയളവിനുള്ളിൽ സൗരോർജ്ജ നിലയം സ്ഥാപിക്കാത്ത പക്ഷം അവർക്കായി അനുവദിച്ച പ്ലാന്റിന്റെ ശേഷി മറ്റ് അപേക്ഷകർക്കായി

അനുവദിക്കാവുന്നതാണ്. രജിസ്റ്റർ ചെയ്ത് നിശ്ചിത കാലയളവിനുള്ളിൽ സൗരോർജ്ജ നിലയത്തിനായി അനുവദിച്ച മൊത്തം ശേഷിയും സ്ഥാപിക്കാത്ത അപേക്ഷകരുടെ ബാക്കിയുള്ള നിലയശേഷി മറ്റുള്ള അപേക്ഷകർക്കായി അനുവദിക്കാവുന്നതാണ്.

നിശ്ചിത സമയത്തിനുള്ളിൽ സൗരോർജ്ജനിലയം പൂർത്തീകരിക്കുന്ന ഉപഭോക്താവിന് രജിസ്ട്രേഷൻ ഫീസിന്റെ 80% തിരികെ നൽകുന്നതാണ്. (നിലവിൽ പൂർത്തിയാക്കിയ സൗരോർജ്ജ നിലയങ്ങൾക്കും ഇത് ബാധകമാണ്).

തുടർന്ന് ടെസ്റ്റ് ചെയ്യാനുള്ള അപേക്ഷ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതി പത്രത്തോടുകൂടി (എനർജൈസേഷൻ സർട്ടിഫിക്കറ്റ്) (**അനുബന്ധം-3**) അതത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ വാങ്ങേണ്ടതാണ്. പ്രീ-കമ്മീഷണിംഗ് ടെസ്റ്റിനോ റുട്ടീൻ ടെസ്റ്റിനോ ഫീസ് പ്രത്യേകമായി ഈടാക്കേണ്ടതില്ല.

8. അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം നിലയം ടെസ്റ്റ് ചെയ്യണം. ഇലക്ട്രിക്കൽ ഇൻസ്പെക്ടറും കെ.എസ്.ഇ.ബി എൽ-ലെ ഉദ്യോഗസ്ഥരും ഒന്നിച്ചാണ് ടെസ്റ്റ് നടത്തേണ്ടത് എന്ന് റഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശമുണ്ട്. ടെസ്റ്റ് ചെയ്യുന്ന ദിവസം അപേക്ഷകനെ മുൻകൂട്ടി അറിയിച്ചിരിക്കണം (**അനുബന്ധം-8**). അതിനുവേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകണം.

(എം.സി.ബി, ഇ.എൽ.സി.ബി, ഫ്യൂസ്, ഇൻവർട്ടർ തുടങ്ങിയ ഇലക്ട്രിക്കൽ ഉപകരണങ്ങൾക്ക്, നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ (NABL) ൽ നിന്നോ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ ടെസ്റ്റിംഗും കാലിബ്രേഷനും നടത്താൻ അംഗീകാരമുള്ള അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിന്നോ നൽകിയ ടൈപ്പ്ടെസ്റ്റ് സർട്ടിഫിക്കറ്റ്, മറ്റ് ടെസ്റ്റുകളൊന്നും നടത്താതെ തന്നെ സ്വീകരിക്കാവുന്നതാണ്.)

പരിശോധനവേളയിൽ പ്രധാനമായി താഴെപ്പറയുന്ന ടെസ്റ്റുകൾ നടത്തേണ്ടതാണ്.

1. ആന്റി ഐലന്റിംഗ്
2. ഹാർമോണിക് കറണ്ട് ഇൻജെക്ഷൻ
3. ഡയറക്റ്റ് കറണ്ട് ഇൻജെക്ഷൻ ആന്റ് ഫ്ലിക്കർ

ടെസ്റ്റ് വിജയകരമായി പൂർത്തീകരിച്ചാൽ **അനുബന്ധം-9** ലെ സർട്ടിഫിക്കറ്റ് ഒപ്പിട്ട് അപേക്ഷകന് നൽകണം. തുടർന്ന് 15 ദിവസത്തിനകം നെറ്റ്-മീറ്റർ കണക്ഷൻ കരാർ (**അനുബന്ധം-10**) ഉപഭോക്താവ് ഒപ്പിടണം. സ്ഥാപിക്കുന്ന നെറ്റ് മീറ്ററിന്റെ ശേഷി അനുസരിച്ച് കരാർ ഒപ്പുവയ്ക്കേണ്ടതാണ് (**അനുബന്ധം-11**).

അതിനുശേഷം 7 ദിവസത്തിനുള്ളിൽ നെറ്റ്-മീറ്ററും സോളാർ മീറ്ററും ഘടിപ്പിച്ച് നിലയം കെ.എസ്.ഇ.ബി.എൽ-ന്റെ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കണം. നെറ്റ് മീറ്ററും സോളാർ മീറ്ററും അപേക്ഷകൻ സ്വന്തമായി വാങ്ങുകയോ കെ.എസ്.ഇ.ബി.എൽ-നോട് സ്ഥാപിക്കാൻ അപേക്ഷിക്കുകയോ ചെയ്യാവുന്നതാണ്. കെ.എസ്.ഇ.ബി.എൽ സ്ഥാപിക്കുന്ന സോളാർ മീറ്റർ, നെറ്റ് മീറ്റർ എന്നിവയ്ക്ക് പ്രതിമാസവാടക ബാധകമാണ്. കെ.എസ്.ഇ.ബി.എൽ സ്ഥാപിക്കുന്ന നെറ്റ് മീറ്ററിന്റെ പ്രതിമാസ വാടക **അനുബന്ധം-12** ൽ കൊടുത്തിരിക്കുന്നു. അപേക്ഷകൻ സ്വന്തമായി മീറ്റർ വാങ്ങുന്നുണ്ടെങ്കിൽ അവ

നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ (NABL) ഉള്ള ലാബിൽ നിന്നുള്ള ടെസ്റ്റ് സർട്ടിഫിക്കറ്റോ കെ.എസ്.ഇ.ബി.എൽ ന്റെ മീറ്റർ ടെസ്റ്റിംഗ് യൂണിറ്റിൽ നിന്നുള്ള ടെസ്റ്റ് സർട്ടിഫിക്കറ്റോ നൽകേണ്ടതാണ്. കെ.എസ്.ഇ.ബി.എൽ-ൽ ടെസ്റ്റ് ചെയ്യുകയാണെങ്കിൽ അതിനുള്ള അപേക്ഷ ലഭിച്ച് 15 പ്രവൃത്തി ദിവസത്തിനുള്ളിൽ പരിശോധിച്ച് നൽകേണ്ടതാണ്. സൗരോർജ്ജ സംവിധാനം ഘടിപ്പിച്ചിട്ടുള്ള പോസ്റ്റുകൾ പ്രത്യേകം തിരിച്ചറിയുന്നതിനു വേണ്ടി പോസ്റ്റുകളുടെ മുകളിൽ **അനുബന്ധം-13** ൽ നൽകിയിട്ടുള്ള മാതൃകയിൽ അടയാളം നൽകണം.

9. സോളാർ പ്ലാന്റ് ഗ്രിഡിൽ ഘടിപ്പിച്ചു കഴിഞ്ഞാൽ ആ വിവരം അതത് ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ(റിന്യൂവബ്ൾ എനർജി & എനർജി സേവിംഗ്സ്) ന്റെ ഓഫീസിൽ വിശദവിവരങ്ങളോടെ നേരിട്ട് അറിയിക്കണം. മാതൃക **അനുബന്ധം-14** ൽ നൽകിയിട്ടുണ്ട്.

10. കെ.എസ്.ഇ.ബി.എൽ-ന്റെ ശൃംഖലയുമായി പ്രസ്തുത സൗരോർജ്ജനിലയം ബന്ധിപ്പിച്ചു കഴിഞ്ഞാൽ നെറ്റ്മീറ്റർ അടിസ്ഥാനപ്പെടുത്തിയാണ് ഉപഭോക്താവിന് ബില്ല് നൽകേണ്ടത്. അത് **അനുബന്ധം-15** ൽ നൽകിയിട്ടുണ്ട്.

11. എല്ലാ മാസവും സൗരവൈദ്യുതി നിലയത്തിന്റെ നെറ്റ് മീറ്റർ റീഡിംഗും സോളാർ മീറ്റർ റീഡിംഗും എടുക്കേണ്ടതാണ്. ഈ റീഡിംഗുകൾ **അതത് മാസം 10 –ാം തീയതിയ്ക്ക് മുമ്പായി** ചീഫ് എഞ്ചിനീയർ (റിന്യൂവബ്ൾ എനർജി & എനർജി സേവിംഗ്സ്) ന്റെ ഓഫീസിൽ cerees@kseb.in എന്ന ഇ-മെയിലിൽ അയയ്ക്കേണ്ടതാണ്.

- **23.03.2015 ൽ പുറത്തിറക്കിയ ഈ വിഷയം സംബന്ധിച്ച പരിപത്രം ഇതോടൊപ്പം റദ്ദു ചെയ്യുന്നു.**

9/6/16

**രാജ് തിലകൻ. എം.ജി**
**സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)**

അനുബന്ധങ്ങൾ 1 -15

## സൗരോർജ്ജ നിലയങ്ങൾ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള അപേക്ഷ

(കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 2014 ലെ "ഗ്രിഡ് ഇന്ററാക്ടീവ് ഡിസ്ട്രിബ്യൂട്ടഡ് സോളാർ എനർജി സിസ്റ്റം" എന്ന ചട്ടത്തിലെ 13 (1) എന്ന വകുപ്പ് പ്രകാരമുള്ളത്)

| | | |
|---|---|---|
| 1 | പേര്, കൺസ്യൂമർ നമ്പർ, കാറ്റഗറി, ടെലിഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ്സ് എന്നിവയും പൂർണ്ണവിലാസവും | |
| 2 | കണക്ടഡ് ലോഡ് / കോൺട്രാക്ട് ഡിമാന്റ് | |
| 3 | സ്ഥാപിക്കാനുദ്ദേശിക്കുന്ന സൗരോർജ്ജനിലയത്തിന്റെ ശേഷി | |
| 4 | ഉപഭോക്താവ് ഉൽപ്പാദിപ്പിച്ച സൗരോർജ്ജം സ്വന്തമായുള്ള മറ്റ് സ്ഥലങ്ങളിൽ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന്<br>ഉണ്ടെങ്കിൽ അവയുടെ മുൻഗണനാക്രമം (കൺസ്യൂമർ നമ്പർ, അഡ്രസ്സ് & ഇലക്ട്രിക്കൽ സെക്ഷൻ) | |
| 5 | ഉപഭോക്താവിനെ ടി.ഒ.ഡി. രീതിയിലാണോ ബില്ല് ചെയ്യുന്നത് എന്ന് | |
| 6 | സൗരോർജ്ജനിലയം കെട്ടിടത്തിനു മുകളിലാണോ, തറയിലാണോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് | |
| 7 | നിലയ സ്ഥാപനം എന്ന് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു | |

സ്ഥലം:

തീയതി:

ഉപഭോക്താവിന്റെ ഒപ്പ്

---

കൈപ്പറ്റരസീത്

സൗരോർജ്ജ നിലയം ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്.

പേര്: ..............................................................................

തീയതി: ...........................................................................

കൺസ്യൂമർ നമ്പർ: ...............................................................

അപേക്ഷാഫീസ് അടച്ചിട്ടുണ്ടോ എന്ന്: ...........................................

അപേക്ഷാ രജിസ്ട്രേഷൻ നമ്പർ: ..............................................

സൗരോർജ്ജ നിലയത്തിന്റെ ശേഷി: ...........................................

ഉദ്യോഗസ്ഥന്റെ പേര്:..........................................

ഉദ്യോഗപ്പേര്: .........................................

(ഓഫീസ് മുദ്ര) ഒപ്പ്.........................................................

## സൗരോർജ്ജ പദ്ധതി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ

(കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 2014 ലെ "ഗ്രിഡ് ഇന്ററാക്ടീവ് ഡിസ്ട്രിബ്യൂട്ടഡ് സോളാർ എനർജി സിസ്റ്റം" എന്ന ചട്ടത്തിലെ 13 (7) എന്ന വകുപ്പ് പ്രകാരമുള്ളത്)

| | | |
|---|---|---|
| 1 | പേര്, കൺസ്യൂമർ നമ്പർ, കാറ്റഗറി, ടെലിഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ്സ് എന്നിവയും പൂർണ്ണവിലാസവും | |
| 2 | കണക്ടഡ് ലോഡ് / കോൺട്രാക്റ്റ് ഡിമാന്റ് | |
| 3 | സ്ഥാപിക്കാനുദ്ദേശിക്കുന്ന സൗരോർജ്ജനിലയത്തിന്റെ ശേഷി | |
| 4 | സ്ഥാപിക്കാനുദ്ദേശിക്കുന്ന സൗരപ്പാളികൾ, ഗ്രിഡ്-ടൈഡ് ഇൻവെർട്ടർ, ഇന്റർലോക്കിംഗ് സംവിധാനം എന്നിവ സംബന്ധിച്ച ടെക്നിക്കൽ സ്പെസിഫിക്കേഷനും മറ്റുകാര്യങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ടോ എന്ന് | |
| 5 | സ്ഥാപിക്കാനുദ്ദേശിക്കുന്ന സോളാർ മീറ്ററും നെറ്റ് മീറ്ററും സ്വയം വാങ്ങാൻ ഉദ്ദേശിക്കുന്നോ എന്നും അവയുടെ ടെക്നിക്കൽ സ്പെസിഫിക്കേഷനും മറ്റുകാര്യങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ടോ എന്ന് | |
| 6 | സൗരോർജ്ജ പദ്ധതിയുടെ സാങ്കേതിക ചിത്രങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ടോ എന്ന് | |
| 7 | നിലയ സ്ഥാപനം എന്നു പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു എന്ന് | - |
| | സ്ഥലം:<br>തീയതി: | ഉപഭോക്താവിന്റെ ഒപ്പ് |

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

കൈപ്പറ്റരസീത്

സൗരോർജ്ജ പദ്ധതി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്.

പേര്: ..............................................................................

തീയതി: ..............................................................................

കൺസ്യൂമർ നമ്പർ: ..............................................................

സൗരോർജ്ജ നിലയത്തിന്റെ ശേഷി: ..........................................

ഉദ്യോഗസ്ഥന്റെ പേര്:................................

ഉദ്യോഗപ്പേര്...........................................

(ഓഫീസ് മുദ്ര) ഒപ്പ്..................................................

## സൗരോർജ്ജ പദ്ധതികൾ സ്ഥാപിച്ച കഴിഞ്ഞ് ടെസ്റ്റ് ചെയ്യുന്നതിനുള്ള അപേക്ഷ

| | | |
|---|---|---|
| 1 | പേര്, കൺസ്യൂമർ നമ്പർ, കാറ്റഗറി, ടെലിഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ്സ് എന്നിവയും പൂർണ്ണവിലാസവും | |
| 2 | സോളാർ രജിസ്ട്രേഷൻ നമ്പർ | |
| 3 | സ്ഥാപിച്ച സൗരോർജ്ജനിലയത്തിന്റെ ശേഷി | |
| 4 | എം.സി.ബി, ഇ.എൽ.സി.ബി, ഫ്യൂസ്, ഇൻവർട്ടർ തുടങ്ങിയ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ ടൈപ്പ്ടെസ്റ്റ് സർട്ടിഫിക്കറ്റ് (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ (NABL) ൽ നിന്നോ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ ടെസ്റ്റിംഗും കാലിബ്രേഷനും നടത്താൻ അംഗീകാരമുള്ള അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിന്നോ ലഭിച്ചത്) നൽകിയിട്ടുണ്ടോ എന്ന് | |
| 5 | സൗരപ്പാളികൾ, ഗ്രിഡ്-ടൈഡ് ഇൻവെർട്ടർ, ഇന്റർലോക്കിംഗ് സംവിധാനം എന്നിവ സംബന്ധിച്ച ടെക്നിക്കൽ സ്പെസിഫിക്കേഷനും മറ്റുകാര്യങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ടോ എന്ന് | |
| 6 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതിപത്രം (എനർജൈസേഷൻ സർട്ടിഫിക്കറ്റ്) അനുബന്ധമായി ചേത്തിട്ടുണ്ടോ എന്ന് | - |
| | സ്ഥലം:<br>തീയതി: | ഉപഭോക്താവിന്റെ ഒപ്പ് |

---

കൈപറ്റുരസീത്

സൗരോർജ്ജ പദ്ധതി ടെസ്റ്റ് ചെയ്ത ശൃംഖലയിൽ ഘടിപ്പിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്.

പേര്:..............................................................

തീയതി:............................................................

കൺസ്യൂമർ നമ്പർ:.................................................

സൗരോർജ്ജ സംവിധാനത്തിന്റെ ശേഷി:..................................

ഉദ്യോഗസ്ഥന്റെ പേര്:.............................. ഉദ്യോഗപ്പേര്..............................

(ഓഫീസ് മുദ്ര)

ഒപ്പ്.............................................

# സോളാർ കണക്ടിവിറ്റി ആപ്ലിക്കേഷൻ രജിസ്റ്റർ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | അപേക്ഷാ നമ്പർ | | | | | | | | |
| 2 | അപേക്ഷകന്റെ പേര് | | | | | | | | |
| 3 | അപേക്ഷ കിട്ടിയ തീയതി | | | | | | | | |
| 4 | ഫീസ് വിവരം (പണം / ഡിഡി) | | | | | | | | |
| 5 | സൗരോർജ്ജ പ്ലാന്റിന്റെ ശേഷി | | | | | | | | |
| 6 | കൺസ്യൂമർ നമ്പർ | | | | | | | | |
| 7 | കൺസ്യൂമർ കാറ്റഗറി | | | | | | | | |
| 8 | കണക്ടഡ് ലോഡ് | | | | | | | | |
| 9 | വോൾട്ടേജ് & ഫേസ് | | | | | | | | |
| 10 | ട്രാൻസ്ഫോർമറിന്റെ പേര് | | | | | | | | |
| 11 | ഫീഡറിന്റെ പേര് (എച്ച്.റ്റി. / എൽ.റ്റി.) | | | | | | | | |
| 12 | സാധ്യതാ പത്രം നൽകിയ തീയതി | | | | | | | | |
| 13 | കണക്ഷൻ സാധ്യമാണോ? (അതെ/അല്ല) | | | | | | | | |
| 14 | അസി എൻജിനിയർ (ഒപ്പ് /തീയതി) | | | | | | | | |

KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

## ഗ്രിഡ് ബന്ധിത സൗരോര്ജ്ജ സാധ്യതാ സര്ട്ടിഫിക്കറ്റ്

**സെക്ഷന്റെ പേര്:**

| | | |
|---|---|---|
| 1 | അപേക്ഷാ രജിസ്റ്ററിലെ നമ്പർ | |
| 2 | അപേക്ഷാ തീയതി | |
| 3 | അപേക്ഷകന്റെ പേര് | |
| 4 | വിലാസം | |
| 5 | പരിശോധന നടത്തിയ തീയതി | |
| 6 | ഗ്രിഡ് ബന്ധനം സാധ്യമാണോ, അല്ലയോ | ആണ്/അല്ല * |
| 7 | ഗ്രിഡുമായുള്ള ബന്ധിപ്പിക്കാവുന്ന കപ്പാസിറ്റി | |
| 8 | സാധ്യതാ പത്രത്തിന്റെ കാലാവധി കഴിയുന്ന തീയതി | |

* (ചുവടെ നൽകിയിരിക്കുന്ന രണ്ട് പ്രസ്താവനകളിൽ ബാധകമല്ലാത്തത് വെട്ടിക്കളയുക)

1. ദയവായി താങ്കൾ . . . . . . . . . . . രൂപ പണമായോ, ഡി.ഡി. ആയോ സൗരോർജ്ജസംവിധാനത്തെ ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിനുള്ള രജിസ്ട്രേഷൻ ഫീസായി അടയ്ക്കേണ്ടതാണ്. സാധ്യതാപത്രത്തിന്റെ തീയതി മുതൽ 30 ദിവസത്തിനകം ഫീസടച്ച് രജിസ്റ്റർ ചെയ്യാത്തപക്ഷം സാധ്യതാപത്രം അസാധുവാകുകയും താങ്കളുടെ അപേക്ഷയിന്മേലുള്ള മുൻഗണന നഷ്ടപ്പെടുകയും ചെയ്യുന്നതാണ്.

2. അപേക്ഷപ്രകാരം നൽകിയിട്ടുള്ള താങ്കളുടെ സൗരോർജ്ജനിലയം ബന്ധിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഫീഡറിന്റെ സൗരോർജ്ജനിലയങ്ങൾ ബന്ധിപ്പിക്കുന്നതിനുള്ള ശേഷിയുടെ അനുവദിക്കപ്പെട്ട പരിധി കഴിഞ്ഞിട്ടുള്ളതിനാൽ ഗ്രിഡ് ബന്ധനം ഇപ്പോൾ സാധ്യമല്ല. ഓരോ 90 ദിവസങ്ങളിലോ അതിനുമൻപോ താങ്കളുടെ സൗരോർജ്ജനിലയം ബന്ധിപ്പിക്കുവാനുള്ള സാധ്യത ഉണ്ടോ എന്ന് പുനഃപരിശോധന നടത്തുകയും, സാധ്യതയുണ്ടെന്ന് കാണുന്നപക്ഷം താങ്കളെ അറിയിക്കുന്നതുമാണ്.

3. സൗരോർജ്ജ നിലയം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടുന്ന രേഖകൾ :
   - ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സ്കീം അപ്രൂവൽ
   - സ്ഥാപിക്കേണ്ട നിലയത്തിന്റെ പൂർണ്ണ സാങ്കേതിക ചിത്രങ്ങളും (Single line schematic diagram) വിവരങ്ങളും,

- ഗ്രിഡ് ബന്ധിത ഇൻവർട്ടർ, കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന ഐസൊലേറ്റർ സ്വിച്ച്, സോളാർ മീറ്റർ, നെറ്റ് മീറ്റർ എന്നിവയുടെ Technical Specification ഉം മറ്റു വിവരങ്ങളും
- എം.സി.ബി, ഇ.എൽ.സി.ബി, ഫ്യൂസ്, ഇൻവർട്ടർ തുടങ്ങിയ ഇലക്ട്രിക്കൽ ഉപകരണങ്ങൾക്ക്, നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ (NABL) ൽ നിന്നോ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ ടെസ്റ്റിംഗും കാലിബ്രേഷനും നടത്താൻ അംഗീകാരമുള്ള അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിന്നോ നൽകിയ ടൈപ്പ്ടെസ്റ്റ് സർട്ടിഫിക്കറ്റ്

സ്ഥലം:

തീയതി:

**അസിസ്റ്റന്റ് എഞ്ചിനീയർ**

## സാധ്യതാറിപ്പോർട്ട് രജിസ്റ്റർ

| നമ്പർ | ഫീഡറിന്റെ പേര് (എച്ച്.റ്റി. / എൽ.റ്റി.) | ട്രാൻസ്ഫോർമർ / സബ്സ്റ്റേഷൻ | ട്രാൻസ്ഫോർമർ കപ്പാസിറ്റി യുടെ 15% | ട്രാൻസ്ഫോർമർ കപ്പാസിറ്റി 15%കഴിഞ്ഞാൽ പകൽ 8 മണിക്കും 4 മണിക്കും ഇടയ്ക്കുള്ള സമയത്തെ ഫീഡറിലെ 7 ദിവസത്തെ ശരാശരി ലോഡ് | ഫീഡറിൽ ഇതുവരെ ബന്ധിപ്പിച്ചിട്ടുള്ള സോളാർ കപ്പാസിറ്റി | ബാക്കി നൽകാവുന്ന കപ്പാസിറ്റി | ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ള കപ്പാസിറ്റി | ബാക്കി | അസി. എഞ്ചി. (ഒപ്പ്) |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

# സോളാർ രജിസ്ട്രേഷൻ ബുക്ക്

| | | |
|---|---|---|
| 1 | അപേക്ഷയുടെ ക്രമ നമ്പർ | |
| 2 | രജിസ്ട്രേഷൻ നമ്പർ | |
| 3 | സോളാർ പവർ ഐഡന്റിഫിക്കേഷൻ നമ്പർ (SPIN) | |
| 4 | കൺസ്യൂമർ നമ്പർ | |
| 5 | കൺസ്യൂമർ കാറ്റഗറി | |
| 6 | സോളാർ പ്ലാന്റ് ശേഷി (കിലോവാട്ട്) | |
| 7 | സാധ്യതാപത്ര തീയതി | |
| 8 | രജിസ്ട്രേഷൻ ഫീസ് അടച്ച തീയതി | |
| 9 | മറ്റ് സ്ഥലങ്ങളിൽ സൗരോർജ്ജം ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ<br>(വിവരങ്ങൾ അനുബന്ധം 1 (4) അനുസരിച്ച്) | |
| 10 | എൽ.റ്റി. ഫീഡറിന്റെ പേര് | |
| 11 | ട്രാൻസ്ഫോർമറിന്റെ വിവരങ്ങൾ | |
| 12 | പ്ലാന്റ് ടെസ്റ്റ് ചെയ്ത തീയതി | |
| 13 | കണക്ഷൻ കരാർ തീയതി | |
| 14 | സോളാർ മീറ്ററിന്റെ വിവരം<br>(കപ്പാസിറ്റി / സീരിയൽ നമ്പർ / മേക്ക്) | |
| 15 | നെറ്റ് മീറ്ററിന്റെ വിവരം<br>(കപ്പാസിറ്റി / സീരിയൽ നമ്പർ / മേക്ക്) | |
| 16 | മീറ്റർ ഉടമ<br>(കെ.എസ്.ഇ.ബി. / അപേക്ഷകൻ) | |
| 17 | മീറ്ററുകൾ വച്ച തീയതി | |
| 18 | പ്ലാന്റ് കണക്റ്റ് ചെയ്ത തീയതി | |

# സൗരോര്‍ജ്ജ സംവിധാനം ടെസ്റ്റ് ചെയ്യുന്നതിനുവേണ്ടി ഉപഭോക്താവിന് അറിയിപ്പ് നല്‍കുന്നതിനുള്ള മാതൃക

സ്വീകര്‍ത്താവ്

പേര്, മേല്‍വിലാസം
(അപേക്ഷകന്റെ)

**ഇലക്ട്രിക്കല്‍ സെക്ഷന്റെ പേര്:**

| | | |
|---|---|---|
| 1 | ഓഫീസ് രജിസ്റ്ററിലെ അപേക്ഷാ നമ്പര്‍ | |
| 2 | അപേക്ഷകന്റെ പേര് | |
| 3 | അപേക്ഷാ തീയതി | |
| 4 | രജിസ്ട്രേഷന്‍ നമ്പര്‍ & തീയതി | |
| 5 | സ്പിന്‍ | |
| 6 | സൗരവൈദ്യുത സംവിധാനം പൂര്‍ത്തിയാക്കിയ തീയതി | |
| 7 | ടെസ്റ്റ് ചെയ്യുന്നതിന് അപേക്ഷ നല്‍കിയ തീയതി | |

സര്‍,

മുകളില്‍ കൊടുത്തിട്ടുള്ള വിവരങ്ങള്‍ അനുസരിച്ചുള്ള സോളാര്‍ പ്ലാന്റ് ടെസ്റ്റ് ചെയ്യുന്നതിന് താഴെപറഞ്ഞിരിക്കുന്ന ദിവസം തീരുമാനിച്ചിരിക്കുന്നു.

ഉദ്ദേശിക്കുന്ന തീയതി :

സമയം:

(ഒപ്പ്)
**അസിസ്റ്റന്റ് എഞ്ചിനീയര്‍**

# Test Certificate for Solar Plant Installation

(in duplicate)

**1. Consumer Particulars:**

Name and address of the solar plant owner ..........................................................
..........................................................................................................

Solar Plant Identification Number (SPIN), if required ..................................................

Capacity of solar plant ........................ Consumer Number..................................

Connected load .............................. Consumer category ......................................

Voltage and number of phases ...........................................................................

**2. Details of relay and functionality tests conducted:**

| No. | Particulars | Test status |
|---|---|---|
| 1 | Phase unbalance | |
| 2 | Harmonic current injection, direct current injection and flicker | |
| 3 | Anti Islanding | |
| 4 | Correctness of status indicators (including that of manually operated isolator switch) | - |

1. Name and signature of the authorized testing agency:

   (seal)

2. Name and signature of applicant:

3. Witnessed by:

   Name, signature & seal of the Assistant Engineer:

## Agreement for Connecting Solar Energy System to the Distribution System of the licensee

(on Stamp paper Rs.200/-)

This Memorandum of Agreement is made on this [date]............day of [Month]...........year...................at [location]...........between [name of the eligible consumer) .............................................the eligible consumer (hereinafter refrred to as 'consumer' residing at [address] .......................................................as first party.

AND

the Kerala State Electricity Board Limited. a company incorporated under the Indian Companies Act. 1956 (Central Act 1 of 1956) having its registered office at Vydyuthi Bhavanam. Pattom, Thiruvananthapuram. represented by Shri .......................................................(here enter name, designation and address of the authority) hereinafter referred to as 'KSEB Limited" (which expression shall unless excluded by or repugnant to the context or meaning thereof be deemed to include its successors, representatives and assignees) as second party, of the agreement;

Whereas, the consumer has installed a solar energy system at the premises owned and possessed by him/her or owned by and possessed by the consumer under a valid lease agreement [strike out whichever is not applicable] and has requested KSEB Limited to provide connectivity to the said plant;

And whereas, the KSEB Limited agrees to provide to the consumer, a Solar Plant Identification Number (SPIN) ..................... as scheduled in the agreement for the electricity generated from the above plant having capacity ........................................ kWp/MWp as per conditions of this agreement and the regulations or orders issued by the Kerala State Electricity Regulatory Commission from time to time;

And whereas the consumer has, in addition to those automatic and inbuilt isolation devices within inverter and external manual relays, installed a manually operated isolating switch and associated equipment with sufficient safeguards between the solar energy system and the distribution system of KSEB Limited to prevent injection of electricity from his solar energy system to the distribution system of the licensee when the distribution system is de-energized;

And whereas. the consumer has assured that in case of a power outage in the system of KSEB Limited his/her plant will not inject power into the distribution system of the licensee and has produced separately the documents substantiating this assurance which form part of this agreement, as if incorporated herein;

And whereas. the consumer has undertaken that all the equipment connected to the distribution system comply with relevant international (IEEE/IEC) or Indian standards (BIS) and that installations of electrical equipment comply with the relevant provisions of the Central Electricity Authority (Measures relating to Safety and Electric Supply) Regulations. 2010;

And whereas. the consumer undertakes that he/she is in possession of all the necessary approvals and clearances. including sanction from Electrical Inspector, as specified in relevant regulations for connecting the solar energy system to the distribution system for commissioning the solar energy system;

And whereas. the consumer has deposited an amount of Rs. (Rupees in words) by Cash/DD as per receipt/DD No ......................... .. dated ............. .. at Electrical Section office ..................... .. as security deposit for the installation of solar meter and net meter and shall remit the meter rent.

charged by the KSEB Limited at the rates approved by the Kerala State Electricity Regulatory Commission from time to time for the satisfactory fulfillment of this agreement. [strike out this portion if the meter is provided by the consumer at his/her cost];

And whereas the consumer has provided the solar meter and the netmeter at his/her cost, which has been tested, certified and installed by KSEB Limited.[strike out this portion if the meter is provided by the KSEB Limited].

Now, therefore, both the parties hereby agree as follows:-

1. The net-metering connection shall be governed by the provisions contained in the Kerala State Electricity Regulatory Commission (Grid Interactive Distributed Solar Energy Systems) Regulations, 2014 as amended from time to time and also subject to the condition that the solar energy system meets the requirements as per the provisions contained in Central Electricity Authority (Technical Standard for Connectivity of the Distributed Generation Resources) Regulations. 2013.
2. KSEB Limited shall have the sole authority to decide. based on the results of necessary studies, the interface/interconnection point to the solar energy system.
3. If the consumer's solar energy system either causes damage to and/or produces adverse effects affecting other consumers or assets of KSEB Limited the consumer will have to disconnect solar energy system immediately from the distribution system upon direction from the KSEB Limited and correct the defect at his own expense prior to reconnection.
4. KSEB Limited shall have access to the metering equipment and disconnecting means for solar energy system in all required situations.
5. KSEB Limited shall have the right to disconnect solar energy system from the distribution system of the licensee in emergency, if it is found that at that point in time providing service through the net metering system is not safe to the grid as a whole.
6. (a) The consumer indemnifies KSEB Limited for the damages or adverse effects. if any from the negligence or intentional defective operation in the connection and operation of the solar energy system of the consumer;

   (b) The KSEB Limited indemnifies the consumer for the damages or adverse effects, If any, from the negligence or intentional defective operation in the connection and operation of the distribution system of KSEB Limited.
7. KSEB Limited shall not be liable for delivery to or realization by the eligible consumer of any fiscal or other incentives provided by the Central/State Government or any other authority;
8. All the commercial settlements under this agreement shall follow the provisions of the Kerala State Electricity Regulatory Commission (Grid Interactive Distributed Solar Energy Systems) Regulations. 2014.
9. The consumer may terminate this agreement after giving thirty days' (30 days) clear notice in writing to the authorised authority of the Licensee.
10. KSEB Limited has the right to terminate this agreement at any point in time after giving 30 days' prior notice. if consumer breaches any terms of this agreement and in cases where such breaches could be rectified and the same are not provided/informed within 30 days of written notice from KSEB Limited about the breach.
11. The consumer agrees that upon termination of this agreement, he must disconnect the solar energy system from distribution system of KSEB Limited in a timely manner to the satisfaction of KSEB Limited.

12. The consumer shall have the right to bank and use the electricity generated and injected in excess over his/her full consumption. into the distribution system of the licensee by the solar energy system. subject to the conditions specified in the Kerala State Electricity Regulatory Commission (Grid Interactive Distributed Solar Energy Systems) Regulations, 2014.

13. The consumer shall have the right to open access for wheeling the electricity generated in excess by 500 units over the consumption. by the solar energy system, installed in the premises of the consumer detailed under item II of the schedule attached and shall be used in the premises owned by the consumer and in the order of preference as detailed under item III of the attached schedule.

14. The licensee shall within seven days from the date of execution of this agreement commission the solar energy system.

15. The licensee shall pay for the net energy banked by the consumer at the end of the settlement period at the average pooled purchase cost of electricity as approved by the Commission for that year, as provided for in the Kerala State Electricity Regulatory Commission (Grid Interactive Distributed Solar Energy Systems) Regulations, 2014.

In witness whereof the said ........... (1st party) and the said ............ .. (2nd party) have hereunto signed at the day and year first above written.

Sdl- ........... (1st party)

Witness 1...........

Witness 2 ...........

Sdl- ............. (2nd party)

Witness 1 ............

Witness 2 ........... ..

സ്ഥാപിക്കുന്ന നെറ്റ് മീറ്ററിന്റെ ശേഷി അനുസരിച്ച് താഴെപ്പറയുന്ന പ്രകാരം കരാർ ഒപ്പുവയ്ക്കേണ്ടതാണ്.

| ക്രമ. നം | ഉപഭോക്താവിന്റെ കണക്ടഡ് ലോഡ് / സൗരോർജ്ജ നിലയത്തിന്റെ ശേഷി | | ഉപഭോക്താവുമായി കരാർ ഒപ്പുവയ്ക്കേണ്ട ഓഫീസർ |
|---|---|---|---|
| 1 | ഗാർഹിക ഉപഭോക്താക്കൾ | 20KW വരെ | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ |
| 2 | ഗാർഹിക, വാണിജ്യ ഉപഭോക്താക്കൾ | 20KW ന് മുകളിൽ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ |
| 3 | എല്ലാ വ്യാവസായിക, കാർഷിക ഉപഭോക്താക്കൾ | | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ |
| 4 | സ്ട്രീറ്റ് ലൈറ്റ് | | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ |
| 5 | എച്ച്.റ്റി കൺസ്യൂമേഴ്സ് | | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ |


## കെ.എസ്.ഇ.ബി.എൽ സ്വന്തമായി സ്ഥാപിക്കുന്ന മീറ്ററിന്റെ പ്രതിമാസവാടക

| Sl. No. | Specification | Meter rent/ month (Rs) |
|---|---|---|
| 1 | Three phase, four wire, LT whole current, bi-directional, accuracy class 1S, 10-60A, Static tri-vector meter with ToD facility, DLMS complaint and AMR compatible with optical port and RS232 | 15.00 |
| 2 | Three phase, four wire, LT CT operated, bi-directional, accuracy class 0.5 S, -/5A, Static tri-vector meter with ToD facility, DLMS complaint and AMR compatible with optical port and RS232 | 40.00 |
| 3 | Three phase, four wire, HT, CT/PT operated, bi-directional, accuracy class 0.2 S, -/5A, Static tri-vector meter with ToD facility, DLMS complaint and AMR compatible with optical port and RS232 | 160.00 |

**കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോര്ഡ് ലിമിറ്റഡ്**
(1956-ലെ ഇന്ത്യന് കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള
വെബ് സൈറ്റ് : www.kseb.in. CIN :U40100KL2011SGC027424

**അനുബന്ധം -13**

## സോളാർ പ്ലാന്റുകൾ ബന്ധിപ്പിച്ചിട്ടുള്ള പോസ്റ്റുകളിൽ നൽകേണ്ട അടയാളം




**കുറിപ്പ് :**

(1) തറനിരപ്പിൽനിന്നും 2 മീറ്റർ എങ്കിലും മുകളിൽ പോസ്റ്റിന്റെ രണ്ടു വശത്തും ഈ അടയാളം നൽകണം

(2) ഇന്റർ ലിങ്കിംഗ് പോസ്റ്റുകളിൽ നൽകേണ്ട വര അടയാളങ്ങൾക്ക പുറമേയാണ് ഈ അടയാളങ്ങൾ നൽകേണ്ടത്

അനുബന്ധം-14

# സോളാർ പ്ലാന്റ് കണക്ഷൻ റിപ്പോർട്ട്

സെക്ഷൻ : ..........................................................................................

കൺസ്യൂമർ നമ്പർ : .................................................................................... .(13 അക്കം)

പേര് : ..........................................................................................

സ്പിൻ നമ്പർ : ..........................................................................................

സോളാർ കപ്പാസിറ്റി : ..................................................................................... കിലോവാട്ട്

കണക്ട് ചെയ്ത ദിവസം : ..........................................................................

സോളാർ മീറ്റർ ഇനിഷ്യൽ റീഡിംഗ് : ..........................................................................

നെറ്റ് മീറ്റർ ഇനിഷ്യൽ റീഡിംഗ് : ..........................................................................

തീയതി : അസിസ്റ്റന്റ് എഞ്ചിനീയർ പേര്.............................................................

ഒപ്പ്.............................................................

**പകർപ്പ്** :

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ .............................................................

എക്സിക്യൂട്ടീവ് എഞ്ചിനീയർ .............................................................

# സോളാർ വൈദ്യുതി സംവിധാന ഉടമയ്ക്ക് നല്കുന്ന വൈദ്യുതി വരവ്-ചെലവ് ചീട്ട്

(KSERC യുടെ നമ്പർ. 2096/KSERC/CT/2014, തീയതി 10 ജൂൺ 2014 ഉത്തരവിന്റെ 14(7), 15(7), 12 ഉപചട്ടങ്ങൾ കാണുക)

**കൺസ്യൂമർ നമ്പർ . . . . . . . . . . .**

**സ്പിൻ . . . . . . . . . . . . . . . . . . .**

| | | |
|---|---|---|
| (i) | കഴിഞ്ഞ ബില്ലിംഗ് പീരിയഡിൽ നീക്കി ബാക്കിയായ കയറ്റുമതി വൈദ്യുതി | (A) യൂണിറ്റ് |
| (ii) | നടപ്പ് ബില്ലിംഗ് പീരിയഡിലെ മൊത്തം സോളാർ വൈദ്യുതി കയറ്റുമതി | (B) യൂണിറ്റ് |
| (iii) | നടപ്പ് ബില്ലിംഗ് പീരിയഡിൽ കെ.എസ്.ഇ.ബി. ഗ്രിഡിൽ നിന്നും ഉപയോഗിച്ച വൈദ്യുതി | (C) യൂണിറ്റ് |
| (iv) | നടപ്പ് ബില്ലിംഗ് പീരിയഡിൽ ബില്ലടയ്ക്കേണ്ട വൈദ്യുതിയുടെ അളവ് | (C) − [(A) + (B)] യൂണിറ്റ് |
| (v) | നടപ്പ് ബില്ലിംഗ് പീരിയഡിൽ മൊത്തം ഉപഭോഗം കിഴിച്ച് നീക്കിബാക്കിയായതും അടുത്ത ബില്ലിംഗ് പീരിയഡിൽ ഉൾപ്പെടുത്തേണ്ടതുമായ കയറ്റുമതി വൈദ്യുതി | [(A) + (B)] − (C) യൂണിറ്റ് |

ടി.ഒ.ഡി. ബാധകമാകുന്ന സാഹചര്യങ്ങളിലും സോളാർ വൈദ്യുതി ഇടം മാറ്റി ഉപയോഗിക്കുന്ന അവസരങ്ങളിലും മേൽ കാണിച്ച മാതൃകയ്ക്ക് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതാണ്.

**ഉദാഹരണം**

HT-I.A താരിഫിലുള്ള കൺസ്യൂമർ നമ്പർ 0001 ആയ ഉപഭോക്താവ് അയാളുടെ പരിസരത്ത് 1 MWp ശേഷിയുള്ള സോളാര് വൈദ്യുത സംവിധാനം ഗ്രിഡുമായി ബന്ധിപ്പിച്ച പ്രവര്ത്തിപ്പിയ്ക്കുന്നുണ്ടെന്നു കരുതുക. കെ.എസ്.ഇ.ബി. യുടെ തന്നെ 0002 എന്ന കണക്ഷൻ LT-IV.A യിലും, 0003 എന്ന കണക്ഷൻ LT-I.A യിലും ടിയാളുടെ പേരിൽ തന്നെ എഗ്രിമെന്റ് വെച്ചിട്ടുള്ളതാണ് എന്നിരിയ്ക്കട്ടെ. കഴിഞ്ഞ ബില്ലിംഗ് പീരിയഡിൽ നീക്കിബാക്കിയായ സോളാർ കയറ്റുമതി വൈദ്യുതി 450 യൂണിറ്റാണെന്നും, 0001 എന്ന ഉപഭോക്തൃ നമ്പറിലെ അധിക ഉല്പാദനം 0002, 0003 എന്നീ നമ്പറുകളിൽ യഥാക്രമം വരവു വെയ്ക്കുന്നതിന് കെ.എസ്.ഇ.ബി. സമ്മതം നല്കിയിട്ടുണ്ടെന്നും കരുതുക.

2015 ഫെബ്രുവരി 28 ന് ടിയാളുടെ മൂന്ന് കണ്സ്യൂമർ നമ്പറുകളിലെയും വിവരങ്ങൾ ഇനി കൊടുത്തിരിയ്ക്കുന്നു.

**1.** ഉപഭോക്തൃ നമ്പർ **0001** (HT-I.A)

എ) 2015 ഫെബ്രുവരി 1 നും 28 നും ഇടയിൽ രേഖപ്പെടുത്തിയ കെ.എസ്.ഇ.ബി. ഗ്രിഡിൽ നിന്നും ഉപയോഗിച്ച വൈദ്യുതി :

| | |
|---|---|
| ഒന്നാം സോൺ (06:00 മണി മുതൽ 18:00 മണി വരെ) (T1) | - 42,000 യൂണിറ്റ് |
| രണ്ടാം സോൺ (18:00 മണി മുതൽ 22:00 മണി വരെ) (T2) | - 21,000 യൂണിറ്റ് |
| മൂന്നാം സോൺ (22:00 മുതൽ 06:00 മണി വരെ) (T3) | - 7,000 യൂണിറ്റ് |

ബി) ഉപഭോക്തൃ നമ്പർ 0001 ൽ പ്രസ്തുത കാലയളവിൽ ഉണ്ടായ സോളാർ കയറ്റുമതി - 1,29,600 യൂണിറ്റ്

2. ടി കാലയളവിൽ ഉപഭോക്തൃ നമ്പർ 0002 (LT-IV.A)-ലെ ഉപഭോഗം

| | |
|---|---|
| (T 1) | - 13,200 യൂണിറ്റ് |
| (T 2) | - 8,800 യൂണിറ്റ് |
| (T 3) | - ഇല്ല |

3. ടി കാലയളവിൽ ഉപഭോക്തൃ നമ്പർ 0003 (LT-I.A) )-ലെ ഉപഭോഗം - 450 യൂണിറ്റ്

മുകളിൽ കാണിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ടി ഉപഭോക്താവിനു നല്കേണ്ട വൈദ്യുതി വരവ്-ചെലവ് ചീട്ട് താഴെ കൊടുത്തിരിക്കുന്നു.

<u>വൈദ്യുതി വരവ് ചെലവ് ചീട്ട്</u>

**1. ഉപഭോക്തൃ നമ്പർ 0001**

| | | | | |
|---|---|---|---|---|
| (i) | കഴിഞ്ഞ ബില്ലിംഗ് പീരിയഡിൽ നീക്കി ബാക്കിയായ കയറ്റുമതി വൈദ്യുതി | 450 യൂണിറ്റ് | | |
| (ii) | നടപ്പ് ബില്ലിംഗ് പീരിയഡിലെ സോളാർ വൈദ്യുതി കയറ്റുമതി | 1,29,600 യൂണിറ്റ് | | |
| (iii) | കഴിഞ്ഞ ബില്ലിംഗ് പീരിയഡിൽ നീക്കി ബാക്കിയായ കയറ്റുമതി ഉൾപ്പെടെ മൊത്തം സോളാർ കയറ്റുമതി | 1,30,050 യൂണിറ്റ് | | |
| (iv) | നടപ്പ് ബില്ലിംഗ് പീരിയഡിൽ കെ.എസ്.ഇ.ബി. ഗ്രിഡിൽ നിന്നും ഉപയോഗിച്ച വൈദ്യുതി | T1<br>42,000 യൂണിറ്റ് | T2<br>21,000 യൂണിറ്റ് | T3<br>7,000 യൂണിറ്റ് |
| (v) | നടപ്പ് ബില്ലിംഗ് പീരിയഡിൽ ബില്ലടയ്ക്കേണ്ടുന്ന വൈദ്യുതിയുടെ അളവ് | T1<br>42,000 യൂണിറ്റ്<br>(-)1,30,050<br>(-)88,050<br>അടയ്ക്കേണ്ടതില്ല | T2<br>21,000 യൂണിറ്റ്<br>(-)88,050<br>(-)67,050<br>അടയ്ക്കേണ്ടതില്ല | T3<br>7,000 യൂണിറ്റ്<br>(-)67,050<br>(-)60,050<br>അടയ്ക്കേണ്ടതില്ല |
| (vii) | 0002, 0003 എന്നീ ഉപഭോക്തൃ നമ്പറുകളിലേക്ക് പരിഗണിയ്ക്കേണ്ട കയറ്റുമതി വൈദ്യുതി | 95 % of 60,050 = 57,047 യൂണിറ്റ് | | |

**2. ഉപഭോക്തൃ നമ്പർ 0002**

(i) നടപ്പ് ബില്ലിംഗ് പീരിയഡിൽ ഉപയോഗിച്ച വൈദ്യുതി

| T1 | T2 | T3 |
|---|---|---|
| 13,200 യൂണിറ്റ് | 8,800 യൂണിറ്റ് | ഇല്ല |

(ii) ഉപഭോക്തൃ നമ്പർ 0001 ൽ നിന്നും പരിഗണിക്കേണ്ടുന്ന സോളാർ കയറ്റുമതി - 57,047 യൂണിറ്റ്

(iii) നടപ്പ് ബില്ലിംഗ് പീരിയഡിൽ ബില്ലടയ്ക്കേണ്ടുന്ന വൈദ്യുതിയുടെ അളവ്

| T1 | T2 | T3 |
|---|---|---|
| 13,200 യൂണിറ്റ് | 8,800 യൂണിറ്റ് | ഇല്ല |
| (-) 57,047 | (-) 43,847 | (-) 35,047 |
| (-) 40,845 | (-) 35,047 | (-) 35,047 |
| ബില്ലടയ്ക്കേണ്ടതില്ല | ബില്ലടയ്ക്കേണ്ടതില്ല | ബില്ലടയ്ക്കേണ്ടതില്ല |

(iv) ഉപഭോക്തൃ നമ്പർ 0002 ൽ നീക്കിബാക്കിയാകുന്നതും ഉപഭോക്തൃ നമ്പർ 0003 ൽ പരിഗണിയ്ക്കേണ്ടതുമായ വൈദ്യുതി മിച്ചം - 35,047 യൂണിറ്റ്

**3. ഉപഭോക്തൃ നമ്പർ 0003**

(i) 2015 ഫെബ്രുവരി 1 നും 28 നും ഇടയ്ക്കുള്ള ഉപഭോഗം - 450 യൂണിറ്റ്

(ii) ഉപഭോക്തൃ നമ്പർ 0002 ൽ നീക്കിബാക്കിയായ സോളാർ വൈദ്യുതി - 35,047 യൂണിറ്റ്

(iii) നടപ്പ് ബില്ലിംഗ് പീരിയഡിൽ ബില്ലടയ്ക്കേണ്ടുന്ന വൈദ്യുതിയുടെ അളവ്

| | |
|---|---|
| 450 | |
| (-) 35,047 | |
| (-) 34,597 | ബില്ലടയ്ക്കേണ്ടതില്ല |

(iv) അടുത്ത ബില്ലിംഗ് കാലയളവിലേയ്ക്ക് പരിഗണിയ്ക്കേണ്ട നീക്കിബാക്കിയായ വൈദ്യുതി - 34,597 യൂണിറ്റ്

================